# SN TRUST'S H S S CHELANNUR



## Academic Master plan

## 2025-2026

# PROFILE

| | | |
|---|---|---|
| NAME OF SCHOOL | : | SN TRUST'S HSS , CHELANNUR |
| DATE OF ESTABLISHMENT | : | 2003 |
| NAME OF VILLAGE | : | CHELANNUR |
| NAME OF PANCHAYATH | : | CHELANNUR |
| NAME OF BRC | : | CHELANNUR BRC |
| NAME OF DISTRICT | : | KOZHIKODE |
| NAME OF SUB-DISTRICT | : | CHEVAYUR |
| NAME OF HM | : | JULY POTHODI |
| SCHOOL CODE | : | 17107 |
| EMAIL ID | : | sntrusthss@gmail.com |
| ADDRESS | : | KANNANKARA P.O<br>CHELANNUR,<br>KOZHIKODE.<br>PIN.673616 |

# DETAILS OF TEACHERS

| | NAME | PEN No. | Designation | Mob No. |
|---|---|---|---|---|
| 1 | July Pothodi | 221519 | Headmistress | 9746297412 |
| 2 | Gireesh Kumar S.G | 672516 | HST(maths) | 9945260212 |
| 3 | Asha .V | 215845 | HST(Hindi) | 9446076067 |
| 4 | Resmy Raj | 215848 | HST(Maths) | 9946447330 |
| 5 | Biju U.V | 654238 | HST(SS) | 9946417153 |
| 6 | Praveen P.R | 663869 | HST(PS) | 9447420535 |
| 7 | Prejitha T.K | 663860 | HST(NS) | 6238473949 |
| 8 | Ranjith B.S | 654066 | HST(Maths) | 9946628513 |
| 9 | Beena K | 663811 | HST(Malayalam) | 9745711367 |
| 10 | Sreekala O | 671807 | HST(SS) | 9497074032 |
| 11 | Kashmeera C | 671802 | HST(English) | 9446597821 |
| 12 | Geetha P | 663303 | HST(Malayalam) | 9497360336 |
| 13 | Parimala B.S | 668373 | HST(PS) | 8593040245 |
| 14 | Safeer Fasal N P | 671752 | HST(Arabic) | 9846460681 |
| 15 | Savitha P.T | 661474 | HST(SS) | 7559861661 |
| 16 | Aneesh E | 660288 | PET | 9995452103 |
| 17 | Kalmadasan S.R | 663370 | Drawing | 9495890278 |
| 18 | Babitha | 242236 | HST(Hindi) | 9995720735 |
| 19 | Jyothilakshmi | | HST(Malayalam) | 9495090265 |
| 20 | Jilsha C.R | | HST(English) | 9605077877 |
| 21 | Arjun | | HST(PS) | 7907310935 |

1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം : കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ വിവിധഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാ വിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
   അക്കാദമികം
   ഭൗതികം
   സാമൂഹികം
8. പദ്ധതി വിശദാംശങ്ങൾ
   (മേഖല ഉപമേഖല ലക്ഷ്യം, പ്രവർത്തനങ്ങൾ കാലം, സാമ്പത്തികം)
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

അനുബന്ധം

1. വിദ്യാലയത്തിന്റെ സ്കെച്ച്, സൈറ്റ്പ്ലാൻ, ജൈവ വൈവിധ്യപാർക്ക് രൂപരേഖ
2. മികവുകൾ, നേട്ടങ്ങൾ (നടപ്പുവർഷം, മുൻവർഷം)
3. കുട്ടികളുടെ എണ്ണം മുൻവർഷങ്ങളിൽ
4. SSA / RMSA പദ്ധതികൾക്കായി തയ്യാറാക്കിയ പട്ടികകൾ
5. നിലവിലുള്ള കമ്മിറ്റികൾ

പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ വാർഷിക പദ്ധതിയും അവതരിപ്പിക്കലും ചർച്ചയും
2. വികസനാശയങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം- അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ SRG, SMC, PTA, MPTA ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കുന്നു
4. നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. പ്രഖ്യാപനം
6. നിലവിലെ അവസ്ഥാ വിശകലനം

ശ്രീ വി.എൻ. സപ്തതി സ്മാരക മന്ദിരമായ ഈ സ്കൂളിൽ 2 നിലകളുള്ള ഉറപ്പുള്ള കെട്ടിടം. ഹൈസ്കൂൾ 13, ഹയർ സെക്കണ്ടറി 8. പൊതുകിണർ ശുദ്ധീകരിച്ചു. 21 ക്ലാസ് മുറികളിൽ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ (ടൈൽ വർക്ക്, ഇലക്ട്രിഫിക്കേഷൻ) എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

## ആമുഖം

**വിവേകം താനേ വരില്ല, യത്നിക്കണം ധാരാളം വായിക്കണം**

**അജ്ഞാന തിമിരാന്ധസ്യ**

**ജ്ഞാനാ ഞ്ജന ശലാകയാ**

**ചക്ഷുരുന്മീലിതം യേന**

**തസ്മൈ ശ്രീ ഗുരവേ നമഃ**

ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ കളരികുന്നിന്റെ താഴ്വാരത്ത് നൂറുമേനി തലയെടുപ്പോടെ 21 വർഷമായി സാധാരണക്കാരന്റെ കുരുന്നുകളെ വിദ്യകൊണ്ട് പ്രബുദ്ധരാക്കാൻ ആരംഭിച്ച സരസ്വതീ ക്ഷേത്രമാണ് എസ്.എൻ.ട്രസ്റ്റ് വിദ്യാലയം. എസ്.എൻ കോളേജിൽ നിന്നും പ്രീഡിഗ്രി വേർപ്പെടുത്തിയതിനാൽ 2003 ൽ ചേളന്നൂരിന് ലഭിച്ച ഈ വിദ്യാലയം ഇന്ന് 13 ഹൈസ്കൂൾ ക്ലാസുകളും എട്ട് ഹയർസെക്കണ്ടറി ക്ലാസുകളുമായി വിജയയാത്ര തുടരുന്നു.

ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ ആരാധ്യനായ ആർ.ശങ്കർ സ്ഥാപിച്ച ഈ വിദ്യാലയം ആദരണീയനായ ശ്രീ.വെള്ളാപ്പള്ളി നടേശൻ സപ്തതി സ്മാരകമായി പ്രവർത്തനമാരംഭിച്ചു.

മികച്ച ഭൗതിക സൗകര്യങ്ങളും ഹൈടെക് ക്ലാസ് റൂമുകളും, ലാബ്, ലൈബ്രറി ഉള്ള ഈ വിദ്യാലയത്തിൽ സ്കൗട്ട്, ഗൈഡ്, ജെ.ആർ.സി, ലിറ്റിൽ കൈറ്റ്സ്, എൻ.എസ്.എസ് എന്നിവയുടെ മികച്ച പ്രവർത്തനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്നുണ്ട്.

പഠനത്തോടൊപ്പം കാലാകായിക സാംസ്കാരിക നൈപുണ്യകളെ പ്രോത്സാഹിപ്പിക്കുകയും പരിശീലനം നൽകിയും കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ലക്ഷ്യം വച്ച് സ്കൂൾ ഒരു ലഹരിയാക്കി മാറ്റുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് വാർഷിക പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

മാറികൊണ്ടിരിക്കുന്ന ബോധന പ്രക്രിയയും പഠന മനഃശാസ്ത്രവും. നൂതന സാങ്കേതികവിദ്യകളുടെ ഉപയോഗവും ഏകോപ്പിച്ച കൊണ്ട് വിദ്യാർത്ഥികൾക്ക് വിഭിന്നങ്ങളായ പഠനാനുഭവങ്ങളൊരുക്കി അവരുടെ അഭിരുചിയും സർഗാത്മകതയും വർദ്ധിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ വ്യത്യസ്ത തലത്തിലുള്ള കുട്ടികളിൽ ആത്മവിശ്വാസവും ധൈര്യമുള്ള തലമുറയെ ചാർത്തെടുക്കുന്നതിന് സാധിക്കുന്നു.

2024–25 അധ്യായനവർഷത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ SRG മീറ്റിംഗിൽ എല്ലാവരുടെയും ചർച്ചയും അഭിപ്രായങ്ങളും മാനിച്ച് തീരുമാനിക്കുകയും പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പാക്കുന്നതിന് ആസൂത്രണം നടത്തുകയും ചെയ്തിരിക്കുന്നു.

സാഹചര്യം

- ഒരു പൊതു വിദ്യാലയം എന്ന നിലയിൽ ശ്രീനാരായണ ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ ചേളന്നൂർ മികവിന്റെ കേന്ദ്രമാക്കി മാറ്റേണ്ടതുണ്ട് എന്ന കാഴ്ച്ചപ്പാട്.
- കരിക്കുലം വിനിമയത്തിന്റെ ഭാഗമായി വിവിധങ്ങളായ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നു വരുന്നു. ഇവയെ പരസ്പര ബന്ധിതമായി ഒരു തുടർപ്രവർത്തനമാക്കി മാറ്റുക എന്ന പൊതുധാരണ.
- വിദ്യാർത്ഥികളുടെ സമഗ്രവും സർവതോന്മുഖവുമായ വളർച്ചയും വികാസവും നിലവിലുള്ളതിൽ കവിഞ്ഞ് പുരോഗമിക്കണം എന്ന കാഴ്ചപ്പാട്.
- വിദ്യാലയത്തിലെത്തുന്ന കുട്ടികൾക്ക് അവരുടെ പഠനസാഹചര്യം മെച്ചപ്പെടുത്തുന്നതിന് കുടുംബ പശ്ചാത്തലവും കുടുംബാന്തരീക്ഷവും വിലയിരുത്തേണ്ടതുണ്ട്, സഹായിക്കേണ്ടതുണ്ട് എന്ന കണ്ടെത്തൽ.
- അധ്യാപക രക്ഷാകർതൃസഹായം ശക്തിപ്പെടുത്തുക വഴി സമകാലിക ലോകക്രമത്തെപ്പറ്റി കുട്ടികൾക്ക് അറിവ് നൽകി അവരെ മാനവികതയുടെ ലോകത്തേക്ക് പ്രവേശിപ്പിക്കാനാകും എന്ന കാഴ്ചപ്പാടാണ്.
- പ്രത്യേക പരിഗണന അർഹിക്കുന്ന പഠിതാക്കൾക്ക് മുഖ്യധാരാപ്രവേശം സാധ്യമാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന്.
- സമഗ്ര പഠനം സമ്പൂർണ്ണവിജയം എന്ന ശ്രീനാരായണ ട്രസ്റ്റ് സ്കൂൾസ് മാനേജ്മെന്റ് പഠനപദ്ധതിയുടെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള തനത് പ്രവർത്തനങ്ങളുടെ ആവിഷ്ക്കാരം
- വിദ്യാർത്ഥികളെ സാമൂഹ്യ പ്രതിബദ്ധതയുള്ളവരും മികച്ച പൗരന്മാരുമാക്കി മാറ്റുന്നതിനും സമൂഹത്തിൽ അവരുടെ സ്ഥാനം തിരിച്ചറിയിക്കാനുതകുന്ന പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട് എന്ന കണ്ടെത്തൽ.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക.
- ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ ഇടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക . അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാൻമാരാക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക. ഉദ്യാനം മെച്ചപ്പെടുത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യ ധാരയിലെത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ /വിഭവങ്ങളെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

ലക്ഷ്യം

- വിദ്യാർത്ഥികളുടെ സമഗ്രവും, പരിപൂർണ്ണവുമായ വികാസം വിദ്യാഭ്യാസ പ്രവർത്തനത്തിലും, സ്കൂൾ പഠനാന്തരീക്ഷമൊരുക്കുന്നതിനും സഹായകമായ എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിക്കുക.

- വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഹൈടെക് വിദ്യാലയമാക്കി മാറ്റുക വിവിധ അവസരങ്ങളിലും പഠനപ്രവർത്തനങ്ങളിലും തുല്യത, സമഭാവന എന്നിവ ഉറപ്പുവരുത്തുന്നതിന്

- നാടിന്റെ വിഭവങ്ങൾ തിരിച്ചറിയുക, പ്രകൃതി സംരക്ഷണത്തെപ്പറ്റിയുംവിഭവങ്ങളുടെ സുസ്ഥിരവും കാര്യക്ഷമമവുമായ ഉപഭോഗത്തെപ്പറ്റിയും കുട്ടികളിൽ ധാരണ ഉണ്ടാക്കുക

- മികച്ച പെരുമാറ്റശീലങ്ങളും അച്ചടക്കവും സ്വായത്തമാക്കി സമൂഹത്തിൽ ഇടപെടുന്നതിനും സമൂഹത്തിന്റെ ഭാഗമാകുന്നതിനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക

- സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപരമായ വിവേചനങ്ങൾ സാമൂഹ്യ അവബോധം സൃഷ്ടിക്കുക

- പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ മാറ്റങ്ങൾക്കനുസൃതമായി വിദ്യാഭ്യാസരീതികളും സമീപനങ്ങളും ആവിഷ്കരിച്ച് നടപ്പിൽ വരുത്തുക.

- പാഠ്യപദ്ധതിക്കനുസൃതമായി പഠനസാമഗ്രികൾ ഒരുക്കുകയും ബോധനശാസ്ത്രം മെച്ചപ്പെടുത്തുകയും ചെയ്യുക ക്ലാസ്സ്മുറികളിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ നൂതനസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ മാതൃകകൾ നിർമ്മിക്കുകയും അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യുക

- സമഗ്ര പഠനം സമ്പൂർണ്ണ വിജയം എന്ന ശ്രീ നാരായണ ട്രസ്റ്റ്സ് സ്കൂൾസ് മാനേജ്മെന്റ് പഠന പദ്ധതിയുടെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള തനതു പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

- വിദ്യാർത്ഥികളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരും മികച്ച പൗരന്മാരുമാക്കി മാറ്റുന്നതിനും സമൂഹത്തിൽ അവന്റെ സ്ഥാനം തിരിച്ചറിയിക്കാനുതകുന്ന പ്രവർത്തനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും.

2. ലക്ഷ്യങ്ങൾ

3. വിദ്യാലയചരിത്രം

കോളേജിൽ നിന്നും പ്രീഡിഗ്രി വേർപെടുത്തിയ സാഹചര്യത്തിൽ 2003ൽ സ്കൂൾ അനുവദിക്കുന്നതും പ്രവർത്തനം ആരംഭിച്ചതും 2003 ൽ ഹൈസ്കൂൾ ആയിട്ടായിരുന്നു തുടക്കം. 2004ൽ ഹയർ സെക്കണ്ടറി ആയി ഉയർന്നു. 2006ൽ പ്രഥമ എസ്.എസ്.എൽ.എസി. ബാച്ച് 97% ത്തോടെ പുറത്തിറങ്ങി. രാഷ്ട്രീയസാമൂഹിക രംഗങ്ങളിൽ സാന്നിദ്ധ്യമറിയിച്ച നിരവധി പേർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്. ഷോർട്ട് ഫിലിം നിർമ്മാണം, സഹപാഠിക്ക് ഒരു വീട് ഒരുക്കൽ എന്നിവ ഈ വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങളാണ്.

4. വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

1. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

2. നിർധനരായ കുട്ടികൾക്ക് ശുചിത്വം, പാരിസ്ഥിതികാവബോധത്തോടെ ജീവിക്കുക, നീർതട സംരക്ഷണം തുടങ്ങിയവയിലൂന്നിയ പ്രവർത്തനങ്ങൾ.

3. ദീനാനുകമ്പ, സഹാനുഭൂതി തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നതിനും കാർഷിക സംസ്ക്കാരം നിലനിർത്തുന്നതിനുമുള്ള സാഹചര്യം ഒരുക്കൽ.

4. വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കുന്നത് അധ്യാപക രക്ഷാകർതൃബന്ധം ദൃഢപ്പെടുത്തുന്നതിനൊപ്പം വിദ്യാർത്ഥികളുടെ കുടുംബസാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുക.

* ഭാഷാപരമായും ഗണിതപരമായും പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹവർത്തിത്തത്തിലൂടെ മികച്ച ആശയവിനിമയത്തിനും, മികച്ച പഠനത്തിനും വഴികാട്ടികളാക്കുന്നു.

* പഠനവൈകല്യങ്ങൾ തിരിച്ചറിഞ്ഞ്, പ്രത്യേക പഠനപ്രക്രിയ ആസൂത്രണം ചെയ്ത് നടപ്പാക്കുക.

## കൈത്താങ്ങ്

### ഗുണഭോക്താക്കൾ

എസ്.എൻ.ട്രസ്റ്റ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചേളന്നൂരിലെ തെരഞ്ഞെടുത്ത നിർധനരായ കുട്ടികൾ അവരുടെ കുടുംബങ്ങൾ.

### ആമുഖം

ലോകോത്തര നിലവാരമുള്ള ജീവിത സാഹചര്യങ്ങളിലേക്ക് കേരളത്തിന്റെ പൊതുസമൂഹം വളർന്നിട്ടുണ്ടെങ്കിലും സാമ്പത്തിക പരാധീനതകളനുഭവിക്കുന്ന ഒരു വിഭാഗവും നമുക്കിടയിൽ ഉണ്ട് എന്ന യാഥാർത്ഥ്യം നാം വിസ്മരിച്ചുകൂടാ. പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടിയുടെ പഠനസാഹചര്യം ഒരുപക്ഷെ പ്രതികൂലമായേക്കാം.. ഭാവിയെപ്പറ്റിയുള്ള നിറമുള്ള സ്വപ്നങ്ങൾക്കിടയിലും നിലനിൽപ്പുതന്നെ വെല്ലുവിളിയാകുന്നവർക്ക് ഒരു കൈത്താങ്ങാകാൻ കഴിഞ്ഞെങ്കിൽ മാത്രമേ വിദ്യാഭ്യാസ പ്രവർത്തനം സാർത്ഥകമാകൂ.

### ലക്ഷ്യങ്ങൾ

എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂളിലെ പാവപ്പെട്ട / നിർധനരായ കുട്ടികൾക്ക് സഹായങ്ങളെത്തിച്ച് ആത്മവിശ്വാസം നൽകുക. സാമൂഹിക ജീവിതത്തിലേക്ക് അവരെ പ്രാപ്തരാക്കുക.

വിദ്യാർത്ഥികളിൽ സഹാനുഭൂതിയും സഹകരണ മനോഭാവവും വളർത്തുക

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗമുണ്ടെന്നും അവരെ മുഖ്യധാരയുടെ ഭാഗമാക്കുന്നത് തന്റെ കൂടെ കടമയാണെന്നും കുട്ടികൾ തിരിച്ചറിയുന്നതിന്.

തന്റെയും തന്റെ ചുറ്റുപാടുകളുടെയും സാമൂഹിക സാമ്പത്തികതലം കുട്ടികൾ തിരിച്ചറിയുക. അവയോട് അനുതാപപൂർവ്വം പെരുമാറുക.

### പ്രവർത്തന ക്രമം

- 50 കുട്ടികളെ പ്രവർത്തകരായി തെരഞ്ഞെടുക്കുക
- എൻ.എസ്.എസ്., ജെ.ആർ.എസ്. ജാഗ്രതാ ബ്രിഗേഡുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തുക.
- പ്രാദേശികാടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുക. ഗുണഭോക്താക്കളെ കണ്ടെത്തി പട്ടിക തയ്യാറാക്കുക
- ഓരോ ഗ്രൂപ്പിനും അധ്യാപകർ നേതൃത്വം നൽകുക.
- അർഹരായ കുട്ടികളെ കണ്ടെത്തുന്നതിന് പ്രിൻസിപ്പൽ, പ്രധാനാധ്യാപിക, ക്ലാസ് ടീച്ചർ, അമ്മമാരുടെ പ്രതിനിധികൾ, പി.ടി.എ. പ്രതിനിധികൾ, മാനേജ്മെന്റ് പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന സമിതി രൂപീകരിക്കുക.
- വീടില്ലാത്തതും രോഗബാധിതയുമായ അജ്ഞനയ്ക്ക് വീടൊരുക്കിക്കൊടുത്തു.
- വിദ്യാർത്ഥികളും അധ്യാപകരും അവരുടെ സാമൂഹ്യപ്രതിബദ്ധത തെളിയിച്ചു

ജൈവവൈവിധ്യ ക്ലബ്

1. ഗുണഭോക്താക്കൾ

ശ്രീ നാരായണ ട്രസ്റ്റ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചേളന്നൂരിൽ മുഴുവൻ വിദ്യാർത്ഥികളും അവരുടെ കുടുംബങ്ങളും, അവരിലൂടെ കാലക്രമേണ സമൂഹവും.

ആമുഖം

ലോകത്തിലെ തന്നെ അത്യപൂർവ്വങ്ങളായ ജൈവവൈവിധ്യ സാന്നിധ്യമുള്ള പ്രദേശമാണ് കേരളം. കാർഷിക വൃത്തിക്ക് അനുകൂലമായ ഭൂപ്രകൃതിയും കാലാവസ്ഥയും നമുക്കുണ്ട്. എന്നാൽ ഈ അനുകൂല സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തുന്നതിന് നാം തയ്യാറാകാത്തത് കേരളത്തിന്റെ കാർഷിക സംസ്കാരം നമ്മിൽ നിന്ന് അകന്നുപോയതിനാലാണ്. ഉപഭോഗ സംസ്കാരത്തിൽ സ്വയം മറന്ന മലയാളി അവന്റെ ജീവിതത്തിലേക്ക് വൻ ദുരന്തങ്ങൾ വിളിച്ചുവരുത്തുന്നു. വിഷമയമായ ഭക്ഷണം മലയാളിയുടെ ജീവിതശൈലിയായി മാറിയിരിക്കുന്നു. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതി തിരിച്ചു പിടിക്കുന്നതിനും വിഷരഹിതമായ ശുദ്ധപച്ചക്കറികൾ സ്വയം കൃഷി ചെയ്തുണ്ടാക്കുക എന്ന മനോഭാവം കുട്ടികളിൽ വളർത്തുന്നതിനും എസ്.എൻ. ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ ആവിഷ്ക്കരിക്കുന്ന പദ്ധതിയാണ് ജൈവവൈവിധ്യം.

ലക്ഷ്യങ്ങൾ

* കുട്ടികളിൽ കാർഷികാവബോധം വളർത്തുക
* കൃഷി തന്റെ സംസ്കാരമാണെന്നും ആ സംസ്കൃതി തന്റെ ജീവതാളമാണെന്നും തിരിച്ചറിയുന്നതിന്
* പഠനം ജീവിഗന്ധിയാക്കുന്നതിനും, പ്രകൃതിയാണ് മികച്ച വിദ്യാലയം എന്ന തിരിച്ചറിവുണ്ടാക്കുന്നതിനും
* കുട്ടികളിൽ സസ്യശാസ്ത്രം പഠിക്കുന്നതിന് താൽപ്പര്യം വർദ്ധിക്കുകയും അതു വഴി പരിസ്ഥിതിയുടെ പ്രാധാന്യം ബോധ്യപ്പെടുകയും ചെയ്യുക.
* വിഷരഹിതമായ ശുദ്ധഭക്ഷണത്തിൽ നിന്നു മാത്രമേ മികച്ച ആരോഗ്യം സൃഷ്ടിക്കാനാകൂ എന്ന് തിരിച്ചറിയുന്നതിന്
* കാർഷിക സ്വയം പര്യാപ്തത എന്ന മനോഭാവം വളർത്തിയെടുക്കുന്നതിന്
* വിദ്യാലയവളപ്പിൽ സാധ്യമായ രീതിയിൽ ജൈവ കൃഷിയിടമൊരുക്കുക
* മരങ്ങളെ അടുത്തറിയുന്നതിനും, ആസ്വദിക്കുന്നതിനും, സംരക്ഷിക്കുന്നതിനും അതുവഴി വനവൽക്കരണത്തെ പരിപോഷിപ്പിക്കുന്നതിനും
* കാർഷിക വൃത്തിയിൽ മിത്രകീടങ്ങളുടെ സാധ്യത കണ്ടെത്തുക.

### പ്രവർത്തനക്രമം

- പച്ചക്കറികളുടെയും മറ്റും വിത്തുകൾ ശേഖരിച്ച് കുട്ടികൾക്ക് നൽകുകയും അടുക്കളത്തോട്ടം ഒരുക്കുന്നതിനാവശ്യമായ പരിശീലനം നൽകുക.
- കർഷകരെ പരിചയപ്പെടാനും കൃഷിത്തോട്ടങ്ങൾ സന്ദർശിക്കുവാനും അവസരമൊരുക്കുക.
- കാർഷികവൃത്തിയിലേർപ്പെടുന്ന കുട്ടികളുടെ കൂട്ടായ്മ രൂപീകരിക്കുക. മികച്ച കുട്ടികർഷകനെ തെരഞ്ഞെടുക്കുക, പ്രോത്സാഹനസമ്മാനം നൽകുക.
- കൃഷിക്കനുകൂലമായി മണ്ണൊരുക്കുന്നതിനും, ജൈവരീതിയിൽ വിഷരഹിത പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് മിത്രകീടങ്ങളെ കണ്ടെത്തലിനും പരിശീലനം
- കുട്ടികളുടെ കാർഷികോല്പന്നങ്ങളുടെ പ്രദർശനവും വിപണനവും സംഘടിപ്പിക്കുക.
- ഉച്ചഭക്ഷണ പരിപാടിയിൽ കുട്ടികർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

### പ്രതീക്ഷിത ചെലവുകൾ

- കുട്ടികൾക്ക് മികച്ചയിനം വിത്തുകൾ വാങ്ങിക്കുക
- പമുഖ കർഷകരെയും കൃഷി വിദഗ്ധരെയും ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കുക.
- കീടങ്ങളെ നശിപ്പിക്കുന്നതിന് പ്രകൃതിദത്ത കെണി നിർമ്മിക്കൽ

### സാമ്പത്തിക സ്രോതസ്സ്

കാർഷിക സർവകലാശാല, കേരള സംസ്ഥാന കൃഷി വകുപ്പ് (വിത്തുകളും ഉപദേശങ്ങളും) പി.ടി.എ അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ സന്നദ്ധ സംഘടനകൾ, പൗര പ്രമുഖർ, മാനേജ്മെന്റ് എന്നിവരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ.

### പ്രതീക്ഷിത നേട്ടങ്ങൾ

- സ്വയം പര്യാപ്തതതയുടെ ദാർശനികബോധം കുട്ടികളിൽ രൂഢമൂലമാകുന്നു.
- ഉപഭോഗ സംസ്കാരത്തിൽ നിന്ന് കാർഷിക സംസ്കൃതിയിലേക്ക് കുട്ടികൾ തിരിച്ചുവരുന്നു, തന്റെ വീടിന്റെ സാമ്പത്തിക ഭദ്രതക്ക് തനിക്കാവുന്ന തരത്തിൽ പങ്കാളിയാകാൻ കഴിയുന്നു.
- കുട്ടികളുടെ ഒഴിവുസമയങ്ങൾ ക്രിയാത്മകമായും ഉല്പാദനപരമായും ഉപയോഗപ്പെടുത്തുന്നതിലൂടെ ആത്മവിശ്വാസമുള്ള, മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന തലമുറ വളർന്നുവരുന്നു.

# ജാഗ്രതാ സമിതി

**ഗുണഭോക്താക്കൾ**

ശ്രീ നാരായണ ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂൾ ചെങ്ങന്നൂരിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥികളും അമ്മ റിസോഴ്സ് ഗ്രൂപ്പും അവരിലൂടെ കാലക്രമേണ സമൂഹവും,

2. ഒരു വ്യക്തിയുടെ ജീവിതത്തിൽ ശാരീരികവും മാനസികവുമായ മാറ്റങ്ങൾ ഏറെ ശക്തമാകുന്നത് കൗമാര കാലഘട്ടത്തിലാണ്. വഴി തെറ്റികൊണ്ടിരിക്കുന്ന കൗമാരം, അലങ്കോലപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങൾ, അനാരോഗ്യകരമായ അധ്യാപക വിദ്യാർത്ഥി ബന്ധം, കുട്ടികളിൽ സമൂഹത്തിന്റെ ശ്രദ്ധയില്ലായ്മ ഇവയെല്ലാം നമ്മുടെ സ്കൂളുകളെ അസ്വസ്ഥമാക്കുന്നു. അതിലുപരി വിദ്യാർത്ഥികളിൽ പെരുകി വരുന്ന ലഹരി ഉപയോഗം തടയണ്ടത് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസ അവകാശ നിയമം വന്നതോടുകൂടി ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനും, സൗഹൃദപൂർണ്ണമായ വിദ്യാലയാന്തരീക്ഷത്തിനും കുട്ടികൾക്കവകാശമുണ്ട് അവ ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾക്കും വിദ്യാലയ ജാഗ്രതസമിതി ഊന്നൽ നൽകുന്നു.

**ലക്ഷ്യങ്ങൾ**

- സ്നേഹം, സാന്ത്വനം, സഹായം എന്നീ മൂല്യങ്ങളിൽ അടിയുറച്ച പ്രവർത്തനം കൗമാരപ്രായക്കാരായ കുട്ടികൾക്ക് നേരെയുള്ള ശാരീരികവും മാനസികവും ലൈംഗികപരവുമായ ചൂഷണങ്ങളും പീഢനങ്ങളും തടയുന്നതിനും ഇതിനെതിരെ ശരിയായി പ്രതികരിക്കാൻ അവരെ പ്രാപ്തരാക്കുന്നതിനും
- എസ്.എൻ.ട്രസ്റ്റ് ഹയർസെക്കണ്ടറി സ്കൂൾ പരിസരങ്ങളിൽ മദ്യം മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച് ലഹരിവിമുക്ത ഗ്രാമമാക്കി മാറ്റുന്നതിനും

**പ്രവർത്തനക്രമം**

- 12 പേരടങ്ങുന്ന ഒരു സമിതിയായി വിദ്യാലയ ജാഗ്രതാ സമിതി രൂപീകരിക്കുക പരിശീലനം ലഭിച്ച ടീച്ചർ വിദ്യാലയ ജാഗ്രതാ സമിതി കൺവീനർ ആയിരിക്കും.
- രണ്ടു പെൺകുട്ടികളും രണ്ട് ആൺകുട്ടികളും അടങ്ങുന്നതാണ് ക്ലാസ് ജാഗ്രതാ സമിതി. ക്ലാസ് ടീച്ചർ ഇതിന്റെ ചെയർമാൻ ആയിരിക്കും.
- ഒരു ജാഗ്രതാ ക്യാപ്റ്റന്റെ നേതൃത്വത്തിൽ അഞ്ച് ആൺകുട്ടികളും അഞ്ച് പെൺകുട്ടികളുമടങ്ങുന്ന ഒരു ജാഗ്രതാ ബ്രിഗേഡ് ടീം വിദ്യാലയ ജാഗ്രതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.
- കുട്ടികളുടെ പൊതുപ്രശ്നങ്ങൾ പരിഹാരം കണ്ടെത്തുന്നതിന് പരാതിപ്പെട്ടി സ്ഥാപിക്കുകയും മികച്ച പരിശീലനം ലഭിച്ച ഒരു ടീച്ചർ മാത്രം അത് കൈകാര്യം ചെയ്യുകയും വേണം.

# വിദ്യാലയം വീട്ടിലേക്ക്

**സാന്ത്വനം**

**ഗുണഭോക്താക്കൾ**

ശ്രീ നാരായണ ട്രസ്റ്റ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചേളന്നൂരിൽ പ്രത്യേക പരിഗണനയർഹിക്കുന്ന, ഭിന്നശേഷിക്കാരായ എല്ലാ വിദ്യാർത്ഥികളും.

**ആമുഖം**

അറിവ് പൊതുസ്വത്താണ് അതുകൊണ്ടുതന്നെ പാർശ്വവൽക്കരണത്തിനിട നൽകാത്തവിധം എല്ലാവർക്കും പൊതുവായി അറിവ് സ്വീകരിക്കാനവസരമൊരുക്കേണ്ടത് വിദ്യാലയത്തിന്റെ ഉത്തരവാദിത്വവുമാണ്. വൈകല്യം ഒരു പോരായമല്ല മറിച്ച് പ്രത്യേക പരിഗണന ലഭിക്കേണ്ട ഒരു ധാർമികതയാണ്, അത് അവരുടെ അവകാശമാണ്. ഭിന്നശേഷിക്കാർ ഒരേ സമൂഹത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ മുഖ്യധാരയോടൊപ്പം സഞ്ചരിക്കുന്നതിന് അവരെ പ്രാപ്തരാക്കേണ്ടതുണ്ട്. 1975 ലാണ് ഐ.ഇ.ഡി ഒരു കേന്ദ്രാവിഷ്കൃത പരിപാടിയായി നിലവിൽ വന്നത്.

**ലക്ഷ്യങ്ങൾ**

- പരിമിതികളേയും വ്യത്യസ്തതകളേയും തിരിച്ചറിയുകയും, അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.
- തന്റെ കഴിവുകളും പരിമിതികളും തിരിച്ചറിയാനും പോരായ്മകളെ അതിജീവിക്കാനും കുട്ടികളെ പ്രാപ്തരാക്കുന്നതിന്
- പഠനാവശ്യങ്ങളും അഭിരുചികളും തിരിച്ചറിഞ്ഞ് പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- വൈവിധ്യമുള്ള പഠനശൈലി, വ്യത്യസ്ത പഠനവേഗം എന്നിവ തിരിച്ചറിഞ്ഞ് അവർക്ക് ബഹു ഇന്ദ്രിയാധിഷ്ഠിത (Multisensory) പഠനപ്രക്രിയ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക.
- കുട്ടിയുടെ പഠനം, സ്വഭാവ രൂപീകരണം, പരിരക്ഷ എന്നീ കാര്യങ്ങളിൽ രക്ഷാകർത്താക്കൾക്ക് പരിശീലനം നൽകുക.

**പ്രവർത്തനക്രമം**

- ജീവിതത്തോട് സാധാരണഗതിയിൽ ഇണങ്ങിച്ചേരാൻ കഴിയാത്തവരെ / വിമുഖത കാണിക്കുന്നവരെ തിരിച്ചറിയൽ
- ഇത്തരക്കാരെ കണ്ടെത്തുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകൽ
- പ്രത്യേക പഠനപ്രക്രിയ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുക
- സഹായ സമിതി രൂപീകരിക്കുക
- പഠന വൈകല്യങ്ങൾ തിരിച്ചറിഞ്ഞ് സഹായങ്ങൾ നൽകുക.

# നാട്ടറിവ്

## ഗുണഭോക്താക്കൾ

ശ്രീ നാരായണ ട്രസ്റ്റ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചെങ്ങന്നൂരിലെ മുഴുവൻ വിദ്യാർത്ഥികളും അവരിലൂടെ അവരുടെ കുടുംബാംഗങ്ങളും, കാലക്രമേണ സമൂഹവും

## ആമുഖം

സംസ്കാരം എന്നത് മനുഷ്യൻ അവന്റെ ചുറ്റുപാടുകളിൽ നിന്നും ആർജ്ജിച്ചെടുക്കുന്ന ഒരു പ്രതികരണാവസ്ഥയാണ്. നിരന്തരമായ ഇടപെടലുകളും പരിശീലനങ്ങളും ഒരു ജനതയുടെ സംസ്കാരത്തെ പരിപോഷിപ്പിക്കുകയും മാറ്റത്തിനു വിധേയമാക്കുകയും ചെയ്യും. ഒത്തുചേരലുകൾക്കും പങ്കുവെക്കലുകൾക്കും നേതൃത്വം നൽകേണ്ടത് അതാത് പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടിയാണ്. വിദ്യാലയത്തിലേക്ക് കടന്നു വരുന്ന കുട്ടി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക രീതികൾ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ അവനു നൽകുന്ന പ്രക്രിയാധിഷ്ഠിത വിദ്യാഭ്യാസം സാധ്യമാകൂ. നാടിനകം പരിചയപ്പെടുത്തിയ തന്റെ വിദ്യാർത്ഥിയുടെ നാട്ടുകശീലങ്ങൾ തിരിച്ചറിയുന്നതിനും, വിദ്യാലയത്തെ സമൂഹവുമായി അടുപ്പിക്കുന്നതിനും നാട്ടുകൂട്ടങ്ങൾ സംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. പ്രദേശിക രക്ഷാകർതൃ സംഗമങ്ങൾ ഇതിന് ഏറെ സഹായകവുമാണ്.

## ലക്ഷ്യങ്ങൾ

- തന്റെവിദ്യാർത്ഥിയുടെ സാമൂഹികാവസ്ഥയും നാട്ടകശീലങ്ങളും തിരിച്ചറിയുന്നതിന്
- വിദ്യാലയത്തെ സമൂഹവുമായി അടുപ്പിക്കുന്നതിന്
- നാട്ടറിവുകളും നാടിന്റെ കലകളും തിരിച്ചറിയുന്നതിനും, സംരക്ഷിക്കുന്നതിനും, പരിപോഷിപ്പിക്കുന്നതിനും
- അധ്യാപക രക്ഷാകർതൃ ബന്ധം ദൃഢപ്പെടുത്തുന്നതിനോടൊപ്പം വിദ്യാർത്ഥികളുടെ കുടുംബസാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന്

## പ്രവർത്തനക്രമം

- 30 പേരടങ്ങുന്ന നാട്ടുകൂട്ടം ക്ലബ്ബ് രൂപീകരിക്കുക
- പ്രാദേശിക നാട്ടറിവു പഠന സംഘങ്ങളുടെയും, നാട്ടുകൂട്ടങ്ങളുടെയും, കർഷക കൂട്ടായ്മകളുടെയും കൂട്ടായ്മകൾ നാട്ടുകൂട്ടം ക്ലബ്ബിന് പരിചയപ്പെടുത്തുക
- പ്രാദേശിക പി.ടി.എ. യോഗങ്ങൾ സംഘടിപ്പിക്കുക
- ഓരോ പ്രദേശത്തെയും മാതൃകൂട്ടായ്മകൾക്ക് പ്രാദേശിക യോഗങ്ങളുടെ ചുമതല നൽകുക.
- നാട്ടറിവുകളും, നാട്ടുശൈലികളും നാട്ടാചാരങ്ങളും ശേഖരിച്ച് സൂക്ഷിക്കുക, പട്ടികപ്പെടുത്തുക, പ്രസിദ്ധീകരിക്കുക.

# നീരറിവ്

**ഗുണഭോക്താക്കൾ**

ശ്രീ നാരായണ ട്രസ്റ്റ്സ് ഹയർ സെക്കണ്ടറി സ്കൂൾ ചേളന്നൂരിലെ മുഴുവൻ വിദ്യാർത്ഥികളും അവരിലൂടെ അവരുടെ കുടുംബാംഗങ്ങളും കാലക്രമേണ സമൂഹവും

**ആമുഖം**

ജീവന്റെ ആധാരമായി കണക്കാക്കുന്നത് ജലമാണ്. അനുദിനം വർദ്ധിച്ചുവരുന്ന ആഗോളതാപനില അപകടകരമായ വിധത്തിൽ ഭൂമിയുടെ ജലസ്രോതസ്സുകൾ വറ്റിച്ചുകൊണ്ടിരിക്കുകയാണ്. അനുനിമിഷം വറ്റിക്കൊണ്ടിരിക്കുന്ന കിണറുകളും കുളങ്ങളിൽ പുഴകളും സൂചിപ്പിക്കുന്നത് അതിരൂക്ഷമായ കാലാവസ്ഥാ വ്യതിയാനത്തെയാണ്. ശരാശരി 250 സെന്റിമീറ്റർ വാർഷിക വർഷപാതം ലഭിക്കുന്ന കേരളം കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നത് നമ്മുടെ തത്വദീക്ഷയില്ലാത്ത, ദീർഘവീക്ഷണമില്ലാത്ത ചെയ്തികൾ കൊണ്ടാണ്. ഒരു കാലത്ത് ഷൊർണൂരും പരിസര പ്രദേശങ്ങളും നിളാനദിയുടെ നീരൊഴുക്കു കൊണ്ട് സമ്പന്നമായിരുന്നു. പോയകാലത്തിന്റെ ജലസമൃദ്ധി തിരികെ കൊണ്ടുവരുന്നതിന് നീരറിവ് ഒരു കൈത്താങ്ങാകും എന്നു കരുതാം.

**ലക്ഷ്യങ്ങൾ**

- തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക
- മണ്ണിന്റെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതെ അവകളെ സംരക്ഷിക്കുവാൻ ഭാവി തലമുറയെ പ്രാപ്തരാക്കുക
- മഴക്കാലത്തിനു മുൻപ് തന്നെ മഴവെള്ളം പരമാവധി മണ്ണിലേക്കാഴ്ന്നിറങ്ങുന്ന തരത്തിലുള്ള മുന്നൊരുക്കങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക.
- ജലത്തിന്റെ നിയന്ത്രിതവും കാര്യക്ഷമവുമായ ഉപയോഗം പരിശീലിക്കുക.
- ജലചൂഷണവും ജലമലിനീകരണവും തടയുക.

**പ്രവർത്തനക്രമം**

- ജലം പ്രകൃതിയുടെ വരദാനമാണെന്നും അത് നിർമ്മിക്കാനാകുന്നില്ല എന്നും വരുംതലമുറയെ ബോധ്യപ്പെടുത്തുക.
- വിദ്യാലയത്തിലെ ജല ഉപയോഗം കാര്യക്ഷമമാക്കുക
- എല്ലാ കുട്ടികളുടെ വീട്ടിലും മഴക്കുഴികൾ, കിണർ റീചാർജ്ജ് എന്നിവനിർമ്മിക്കാൻ പരിശീലനം നൽകുക.
- ജല സംരക്ഷണത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- ഓരോ ക്ലാസിലും ജല സംരക്ഷണ സംഘം രൂപീകരിക്കുക

പ്രവർത്തന ക്രമം

- ഓരോ ക്ലാസ്സിലും ജലസംരക്ഷണസംഘം രൂപീകരിക്കുക. ജലസംരക്ഷണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക
- ഓരോ പ്രദേശത്തിൻെറയും ജലവിഭവ ഭൂപടം നിർമ്മിക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ജനപങ്കാളിത്തത്തോടെയും ജലസുരക്ഷാപദ്ധതി തയ്യാറാക്കുക.
- വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുക

സാമ്പത്തിക സ്രോതസ്സ്

പി.ടി.എ. അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അധ്യാപകർ, സന്നദ്ധ സംഘടനകൾ, പൗര പ്രമുഖർ, മാനേജ്മെന്റ് എന്നിവരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ

പ്രതീക്ഷിത നേട്ടം

പരിസ്ഥിതി സംരക്ഷണം എന്ന മഹത്തായ പാഠം കുട്ടികൾ സ്വായത്തമാക്കുന്നു തണ്ണീർത്തടങ്ങൾ സംരക്ഷിക്കപ്പെടുന്നു.

ജലചൂഷണവും ജലമലിനീകരണവും തടയപ്പെടുന്നു

നിലവിലെ അവസ്ഥ

എസ്.എൻ.ട്രസ്റ്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിലവിലെ സാഹചര്യം മെച്ചപ്പെടുത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് കാര്യക്ഷമമായി എത്തിച്ചേരാനാകൂ,

ഭൗതികസാഹചര്യം

**സ്കൂൾ കെട്ടിടം :**

രണ്ട് നിലകളുള്ള ഉറപ്പുള്ള വൃത്തിയുള്ള സ്ഥിരം കെട്ടിടം

**ക്ലാസ് മുറികൾ :**

ഹൈസ്കൂൾ, ഹയർ സെക്കണ്ടറി

**കുടിവെള്ള ലഭ്യത:**

എൻ.എൻ.ട്രസ്റ്റ് ഹയർ സെക്കണ്ടറി എച്ച്.എസ്., എച്ച്.എസ്.എസ് എന്നീ വിഭാഗങ്ങൾക്ക് പൊതുവായി ഒരു കിണർ. ശുദ്ധീകരിച്ച ജലം കുടിവെള്ളമായി നൽകുന്നു-

- ജലസംരക്ഷണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുക
- ഓരോ പ്രദേശത്തിന്റെയും ജല വിഭവ ഭൂപടം നിർമ്മിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ജനപങ്കാളിത്തത്തോടെയും ജലസുരക്ഷാ പദ്ധതികൾ തയ്യാറാക്കുക.
- വൃക്ഷത്തൈകൾ വെച്ച് പിടിപ്പിക്കുക

സാമ്പത്തിക സ്രോതസ്സ്

പി.ടി.എ. അംഗങ്ങൾ, പൂർവ്വ വിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അധ്യാപകർ, സന്നദ്ധ സംഘടനകൾ, പൗരപ്രമുഖർ, മാനേജ്മെന്റ് എന്നിവരിൽ നിന്നും ലഭിക്കുന്ന സഹായകങ്ങൾ.

പ്രതീക്ഷിത നേട്ടം

പരിസ്ഥിതി സംരക്ഷണം എന്ന മഹത്തായ പാഠം കുട്ടികൾ സ്വായത്തമാക്കുന്നു.


- തണ്ണീർത്തടങ്ങൾ സംരക്ഷിക്കപ്പെടുന്നു.
- ജലചൂഷണവും ജലമലിനീകരണവും തടയപ്പെടുന്നു.

# ഉപപ്രവർത്തനം


## സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണം

സർക്കാരിന്റെ നിർദ്ദേശപ്രകാരം സ്കൂളിലെ ഉച്ചക്കഞ്ഞി വിതരണം വളരെ നല്ല രീതിയിൽ നടക്കുന്നു. ഓരോ ദിവസവും നോട്ടീസ് ബോർഡിൽ മെനു പ്രദർശിപ്പിച്ച്, ക്ലാസ്സുകളിൽ കുട്ടികളുടെ ഹാജരെടുത്ത് എത്ര പേരുണ്ടോ ആ എണ്ണത്തിന് ഉച്ചക്കഞ്ഞി വിതരണം വളരെ നന്നായി നടക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം കുട്ടികൾക്ക് പാലും ഒരു ദിവസം മുട്ടയും കൊടുത്തു വരുന്നു. കോഴിമുട്ട വേണ്ടാത്ത കുട്ടികൾക്ക് നേന്ത്രപ്പഴം വിതരണം ചെയ്തുവരുന്നു. വിഷരഹിതമായ നാടൻ പച്ചക്കറികളാണ് കുട്ടികൾക്ക് കൊടുത്തുവരുന്നത്. അതോടൊപ്പം സ്കൂളിലെ പച്ചക്കറിത്തോട്ടത്തിൽ നിന്നുല്പാദിപ്പിക്കുന്ന പച്ചക്കറികളും കൊടുത്തുവരുന്നു. വളരെ വൃത്തിയോടും വെടിപ്പോടും കൂടിയാണ് ഭക്ഷണം കൊടുത്തുവരുന്നത്. ഇതുവരെയും രക്ഷിതാക്കളുടെയോ കുട്ടികളുടെയോ പരാതി വരാത്ത രീതിയിലാണ് ഞങ്ങളുടെ ഉച്ചക്കഞ്ഞി വിതരണം നടക്കുന്നത്.

## SN TRUST HSS CHELANNUR    FIRST FLOOR



## SN TUST HSS CHELANNUR Ground Floor



## മലയാളം

| SL No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരക്കൂട്ട് (ജൂൺ രണ്ടാമത്തെ ആഴ്ച പ്രീടെസ്റ്റ് നടത്തുന്നു) | രണ്ടുമാസം | മലയാളം അധ്യാപകർ | |
| 2 | മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരാക്കുക | അക്ഷരക്കൂട്ട് (അഞ്ചു മുതൽ ഏഴ് വരെ പാഠപുസ്തകങ്ങൾ, ആനുകാലികങ്ങൾ) | ജൂലൈ മുതൽ ഡിസംബർ വരെ | മലയാളം അധ്യാപകർ | |
| 3 | മുഴുവൻ കുട്ടികളെയും മികച്ച എഴുത്തുകാരാക്കുക | ലൈബ്രറി ആനുകാലികം പാഠപുസ്തകം | ജൂലൈ മുതൽ ഡിസംബർ | മലയാളം അധ്യാപകർ | |
| 4 | മുഴുവൻകുട്ടികളെയും സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | സർഗ്ഗ വേള പ്രസംഗം പാട്ട് കവിത വിവിധ കലാപ്രവർത്തനങ്ങളുടെ അവതരണം | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | മലയാളം അധ്യാപകർ | |
| 5 | മുഴുവൻ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക | വായനാനന്ദം ലൈബ്രറി ആനുകാലികം (ആഴ്ചയിൽ ഒരിക്കൽ കുട്ടികളും ടീച്ചറും വായിച്ച പുസ്തകങ്ങൾ പരിചയപ്പെടുത്തുക) | ആഗസ്റ്റ് മുതൽ ജനുവരി വരെ | മലയാളം അധ്യാപകർ | |
| 6 | സർഗ്ഗശേഷി പരിപോഷിപ്പിക്കൽ | ശില്പശാല (കഥ കവിത അഭിനയം തിരക്കഥ) ക്ലാസ് തലപത്രം മാഗസിൻ (ഡിജിറ്റൽ) | ജൂലൈ മുതൽ ജനുവരിവരെ | മലയാളം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | അഭിമുഖം<br>സാഹിത്യ ക്വിസ്<br>ഡിജിറ്റൽ ബുക്ക് | | | |
| 7 | വിവിധശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | |
| 8 | സർഗാത്മക അവതരണം | ഹ്രസ്വ ചിത്രം | ഒക്ടോബർ നവംബർ | മലയാളം അധ്യാപകർ | |

# SNTHSS Chelannur

## Academic master Plan Arabic 2025-26

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തീകരണം.<br>അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു.<br>പുതിയ അറബിക് പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>കഥകൾ,കവിതകൾ, ചിത്രകഥകൾ........<br>വായനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസം<br>ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി<br>ഡയറ്റ്<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു.<br>ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ്സ് കയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും. | സെപ്റ്റംബർ-നവംബർ | | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ |
| | കയ്യെഴുത്ത് മാഗസിനിലെ മികച്ച ആർട്ടിക്കുകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കും. | നവംബർ-ഡിസംബർ | | സ്പോൺസർഷിപ്പ് |
| **അറിവിൻ തിളക്കം**<br>അറബിയിൽ അറിവ് നേടുക | മാസാന്ത ക്വിസ് കാർണിവൽ.<br>ഓരോ മാസവും നിശ്ചിത തിയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.അതിൽ നിന്ന് ശരിയുത്തരം | ജൂൺ മുതൽ എല്ലാ മാസവും | ബോക്സ്, ലാപ്ടോപ്പ് | അധ്യാപകർ<br>പൂർവ്വ വിദ്യാർത്ഥികൾ<br>സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| | കണ്ടെത്തിയ ഒരാൾക്ക് സമ്മാനം നൽകുന്നു. | ജൂലായ്-ആഗസ്റ്റ് | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ |
| <u>പ്രതിഭകളെ കണ്ടെത്തൽ</u> | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു.<br>അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | | പോസ്റ്ററുകൾ | അധ്യാപകർ |
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാകുന്നു. | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>ആസ്വാദനം</u> | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത, അനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | സി.ഡി, കമ്പ്യൂട്ടർ,ടിവി പ്രൊജക്ടർ | അധ്യാപകർ |
| <u>അറബിക് ലാംഗ്വേജ് ലാബ്</u> | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുക | ഡിസംബർ | സി.ഡി, കമ്പ്യൂട്ടർ,ടിവി, പ്രൊജക്ടർ | ബി.ആർ.സി ഡയറ്റ് പൂർവ്വ വിദ്യാർത്ഥികൾ സ്പോൺസർഷിപ്പ് |
| <u>അറബിക് ഫെസ്റ്റ്</u> | | | | |

| സീരിയൽ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികൾക്കും വായനയ്ക്ക് പ്രാധാന്യം ലഭിക്കുന്ന പ്രവർത്തനം | വായന(തിരഞ്ഞെടുക്കപ്പെട്ട ലളിതമായ അറബി പുസ്തകങ്ങൾ), സമാഹരണം (കഥ, കവിത) | ജൂൺ മുതൽ ഫെബ്രുവരി വരെ | അറബിക് അധ്യാപകൻ | |
| 2 | എല്ലാ കുട്ടികൾക്കും എഴുത്തിൽ പങ്കാളിത്തം ഉണ്ടാക്കുക, തെറ്റ് കൂടാതെ എഴുതാനുള്ള കഴിവ് നേടുക | എഴുത്ത് അറബിക് കയ്യെഴുത്ത് മാസിക നിർമ്മാണം, ചുമർപത്രിക, വായന കാർഡ് തുടങ്ങിയവയുടെ നിർമ്മാണം, ഡയറിക്കുറിപ്പ് | ജൂൺ മുതൽ ഫെബ്രുവരി വരെ | അറബിക്ക അധ്യാപകൻ | |
| 3 | കുട്ടികളുടെ നൈപുണി വളർത്തുക | മത്സരങ്ങൾ ക്വിസ്, പദപ്രശ്നം, വേഡ് ഹണ്ടിങ്, ഗദ്യ വായന, കഥ പറയൽ | ജൂൺ ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ | അറബിക് അധ്യാപകൻ | |
| 4 | വ്യത്യസ്ത ദിനങ്ങളെക്കുറിച്ച് കുട്ടികളിൽ ബോധവൽക്കരണം ക്രിയാത്മക കഴിവുകൾ വികസിപ്പിക്കാൻ സാധിക്കും | ദിനാചരണങ്ങൾ സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം | ജൂൺ മുതൽ ഫെബ്രുവരി വരെ | അറബിക് അധ്യാപകൻ | |
| 5 | കുട്ടികളിൽ സർഗാത്മക ശേഷി വർദ്ധിപ്പിക്കു ആസ്വാദനം | അറബിക് ഫെസ്റ്റ് സ്കൂൾ കലോത്സവത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന 19 ഇനങ്ങളിൽ ഉള്ള അറബിക് | ജൂൺ മുതൽ ഡിസംബർ വരെ | അറബിക് അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | | കലോത്സവം | | | |
| 6 | എല്ലാ<br>സന്ദർഭങ്ങളി<br>ലുമുള്ള ഭാഷാ<br>പ്രയോഗങ്ങൾ<br>കുട്ടികളിൽ<br>ഉണ്ടാക്കി<br>എടുക്കുക | അറബിക്<br>കോൺവർ<br>സേഷൻ<br>സെക്ഷൻ<br>വിവിധ<br>സന്ദർഭങ്ങളി<br>ലുള്ള<br>സംഭാഷണങ്ങ<br>ൾ ക്ലാസിൽ<br>സജ്ജീകരിക്കു<br>ക(<br>ഹോസ്പിറ്റൽ,<br>എയർപോർട്ട്,<br>ബീച്ച്, പാർക്ക്) | ജൂൺ മുതൽ<br>ഫെബ്രുവരിവരെ | അറബിക്<br>അധ്യാപകർ | |

മേഖല : അക്കാദമികം ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |
| ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ - ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. ✓ | ഹ്രസ്വം ജൂൺ - ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ പെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | പാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികളിലും തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക | ഇംഗ്ലീഷ് പുസ്തകങ്ങൾ വായിപ്പിക്കൽ പദങ്ങൾ പരിചയപ്പെടൽ അർത്ഥം തിരിച്ചറിയൽ | ജൂൺ മുതൽ ഒക്ടോബർ വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | മുഴുവൻ കുട്ടികളിലും ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കാനും അതിലൂടെ ഭാഷാ നൈപുണ്യ കൾ നേടാനുള്ള ആവേശം വളർത്തൽ | ഇംഗ്ലീഷ് ലൈബ്രറി അനിമേഷൻ ചിത്രങ്ങൾ ഇംഗ്ലീഷ് കഥ പറയൽ അനൗൺ സ്മെൻറ് | ജൂലൈ മുതൽ ഡിസംബർ വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| 3 | മാധ്യമങ്ങളെ വിവേകപൂർവ്വം കൈകാര്യം ചെയ്ത് ഭാഷയെ മെച്ചപ്പെടുത്തൽ | അനിമേഷൻ ചിത്രങ്ങൾ മാഗസിൻ സെമിനാർഇം ഗ്ലീഷ് അസംബ്ലിന്യൂസ് പേപ്പർ | ആഗസ്റ്റ് മുതൽ ജനുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| 4 | മുഴുവൻ കുട്ടികളിലും സർഗ്ഗശേഷി വർദ്ധിപ്പിക്കൽ | ലൈബ്രറി കഥ കവിത ശിൽപ്പശാല അഭിനയ കളരി | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഇംഗ്ലീഷ് അധ്യാപകർ | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മുഴുവൻ കുട്ടികളുംസാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാന അറിവ് നേടുന്നു | അടിസ്ഥാന ധാരണ പരിശോധക്കാനായി പ്രീ ടെസ്റ്റ് നടത്തുന്നു ഗ്ലോബ് മാപ്പ് ഇവ പരിചയപ്പെടുത്തുന്നു | ഒരുമാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2 | ചരിത്ര അവബോധം വളർത്തൽ | സ്കൂൾ പരിസരത്തുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി അവയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു (കാപ്പാട്) | ജൂലായ് മുതൽ ആഗസ്റ്റ് 15 | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ |
| 3 | മുഴുവൻ കുട്ടികളിലും ജനാധിപത്യ ബോധം വളർത്തൽ | സ്കൂൾ പാർലമെൻറ് രൂപീകരണം,പ്രകടനപത്രിക,പ്രചാരണം,ബാലറ്റ് പേപ്പർ പരിചയപ്പെടുത്തൽ | ഒക്ടോബർ നവംബർ മാസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4 | സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ,അറ്റ്ലസുകൾ ഇടങ്ങിയവക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ<br>തുടർന്ന് ക്ലാസ്സ് ലൈബ്രറിയിൽ വിതരണം | വർഷത്തിലൊരിക്കൽ<br>ആഴ്ചയിൽ ഒരിക്കൽ | സാമൂഹ്യശാസ്ത്രം അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 5 | വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യശാസ്ത്ര അധ്യാപകരും എസ് ആർ ജിയും | |
| 6 | ഐസിടി നൈപുണികൾ വളർത്തൽ | സ്കൂളിലെ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി ചരിത്ര പഠനം കൂടുതൽ ലളിതവും രസകരവും ആക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7 | സാമൂഹ്യ വിപത്തുകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കൽ | ലഹരി വിരുദ്ധ ബോധവൽക്കരണം ലക്ഷ്യമാക്കി ഒരു ഷോർട്ട് ഫിലിം തയ്യാറാക്കൽ | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | സാമൂഹ്യശാസ്ത്രം മലയാളം അധ്യാപകർ ചേർന്ന് | |

| SL No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കാണിക്കാൻ അവസരം നല്കുന്നു, മോഡൽ നിർമ്മാണം, പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ICT ഉപയോഗം | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | |
| 2 | ശാസ്ത്രലോകത്തേക്ക് നിരന്തരം അന്വേഷണം നടത്തുകയും, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും | വ്യത്യസ്ത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ ക്ലാസുകളിൽ അസൈൻമെന്റ്, സെമിനാർ അവതരിപ്പിക്കാനുള്ള അവസരം നല്കൽ ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു സബ് ജില്ലാ മത്സരങ്ങളിലേക്കുള്ള തയ്യാറെടുപ്പ് ക്ലാസുകളിൽ ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം<br>അക്കാദമിക വർഷം ഒരു തവണ<br>അക്കാദമി വർഷം | സയൻസ് അധ്യാപകർ | |
| 3 | അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | പുതുപുത്തൻ സാങ്കേതികവിദ്യയും, പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്ന | | | |

| | | | | | |
|---|---|---|---|---|---|
| | | LED ബൾബ് | | | |
| 4 | ദിനാചരണങ്ങൾ നടത്തുന്നു | | | | |

# MATHEMATICS

June

1) എല്ലാ ക്ലാസിലും Pretest നടത്തുന്നു പിന്നോക്കമുള്ള കുട്ടികൾക്ക് Remidial Class

2) മാത്സ് ക്ലബ്ബ് രൂപീകരണം ഗണിതത്തിൽ താൽപര്യമുള്ള കുട്ടികളെ എല്ലാ ക്ലാസ്സിൽ നിന്നും കണ്ടെത്തി എല്ലാ മാസവും ഗണിത പ്രവർത്തനങ്ങൾ നടത്തി ക്ലാസിലെ മറ്റു കുട്ടികളിലേക്ക് അത് എത്തിക്കുവാനും അവരെ സഹായിക്കുന്നതിനുമായി ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു

July

1) ഗണിത Geometrical chart നിർമ്മാണ ശില്പശാല സഹദേവൻ മാഷിന്റെ നേതൃത്വത്തിൽ നടത്തി അത് സ്കൂളിലെ മറ്റു കുട്ടികളിലേക്ക് എത്തിക്കുന്നതിനായി ശില്പശാല

2) സ്കൂൾ ഗണിത മാസിക നിർമ്മാണം, ക്ലാസുകളിൽ Wall മാഗസിൻ മത്സരം നടത്തി. ഗണിത മാഗസിൻ നിർമ്മാണത്തിന് താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ കണ്ടെത്തുന്നു മാഗസിൻ നിർമ്മാണം ആരംഭിക്കുന്നു

August

1) Still model നിർമ്മാണം വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. താൽപര്യമുള്ള എല്ലാ കുട്ടികളിലേക്കും എത്തിക്കുന്നു മാത്സ് ബേസിക് ക്ലാസ്

September

1) സ്കൂൾ ലെവൽ മാത്സ് ഫെയർ മാത്സ് വർക്കിംഗ് മോഡൽ സ്റ്റിൽ മോഡൽ, ക്വിസ്, ജ്യോമെട്രിക്കൽ ചാർട്ട്, നമ്പർചാർട്ട്, പസ്സിൽ പ്യുവർ കൺസ്ട്രക്ഷൻ, അപ്ലൈഡ് കൺസ്ട്രക്ഷൻ തുടങ്ങിയ മത്സരങ്ങൾ സ്കൂളിൽ നടക്കുന്നു

October

1) സബ് ജില്ല ഗണിതശാസ്ത്ര മേളയുടെ ഒരുക്കങ്ങൾ

November

1) ലോക പ്രസിദ്ധ ഗണിത ശാസ്ത്രജ്ഞ ശകുന്തള ദേവിയുടെ ജന്മദിനത്തോടനുബന്ധിച്ച് സെമിനാർ ക്ലബ്ബ് തലത്തിൽ

# MASTER PLAN BIOLOGY

മേഖല-അക്കാദമികം

ഉപമേഖല-ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 1)എല്ലാകുട്ടികളിലും ജീവശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | Pretest ചോദ്യനിർമ്മാണം,ടെസ്റ്റ്, മൂല്യനിർണ്ണയം പഠന പിന്നോക്കാവസ്ഥയില്ലുള്ളവർക്ക് ഒഴിവുദിന വിനിമയം | ജൂൺ | Biology Teacher | S R G |
| 2)ശാസ്ത്രീയ മനോഭാവം ഉള്ളവരാക്കുന്നു. | Science Club | ജൂൺ | SRG Science Club | Science Teacher |
| 3) കാർഷിക സംസ്കാരം വീണ്ടെടുക്കാൻ | വീട്ടിലൊരു പച്ചക്കറി തോട്ടം നിർമിക്കാൻ നിർദ്ദേശം നൽകുന്നു | 6 മാസം | Biology Teacher | രക്ഷിതാവ് കുട്ടികൾ |
| 4) മാലിന്യ മുക്ത ആരോഗ്യ ശുചിത്വ വിദ്യാലയം | ആരോഗ്യക്ലാസ്സ് | ജൂൺ | Biology Teacher | ആരോഗ വകുപ്പ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| 5) ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | ലഘുപരീക്ഷണങ്ങളുടെ നിർവ്വഹണം | യഥാസമയങ്ങളിൽ | Biology Teacher | S R G |
| 6) ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽ കൂട്ടാക്കി മാറ്റൽ | N M M S പരിശീലനം | 2nd Term ൽ | Biology Teacher | S R G |
| 7) ശാസ്ത്ര I C T പഠനത്തിന് സാധ്യതകൾ | Hi Tech Class Room കൾ പ്രയോജനപ്പെടുത്തൽ | എല്ലായിപ്പോഴും | Biology Teacher | KITE @ School |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കൗതുകം ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കൊണ്ട് മോഡൽ നിർമിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം ലഘുപരീക്ഷണം ഉപയോഗം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | വ്യത്യസ്ത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്താൻ ക്ലാസുകളിൽ അസൈൻമെന്റ് സെമിനാർ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം ഒരു തവണ | സയൻസ് അധ്യാപകർ | |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു സബ്ജില്ലാ മൽസരങ്ങളിലേക്കുള്ള തയ്യാറെടുപ്പ് | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | 5000 |
| 3) അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ | ക്ലാസുകളിൽ ശാസ്ത്ര മാസിക പ്രസിദ്ധീകരണം : പുതു പുത്തൻ സാങ്കേതികവിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |

# കായിക പ്രവർത്തനങ്ങൾ

1. ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനം
2. ജൂലൈ 20 അന്താരാഷ്ട്ര ചെസ്സ് ദിനം, സ്കൂൾതല ചെസ് മത്സരം സംഘടിപ്പിക്കുന്നു
3. വാർഷിക കായികമേള സംഘടിപ്പിക്കുന്നു
4. ഒക്ടോബർ സംസ്ഥാന കായിക ദിനം സ്കൂൾതല ക്വിസ് മത്സരം നടത്തുവാൻ തീരുമാനിച്ചു


2024 ജൂൺ മാസം മുതൽ 2025 ജനുവരി മാസം വരെ ഫുട്ബോൾ ,വോളിബോൾ, കബഡി, ഖൊഖൊ ടീമുകളുടെ കോച്ചിംഗ് ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു

# ദിനാചരണങ്ങൾ

പ്രധാന സംഭവങ്ങൾ
പ്രവർത്തനങ്ങൾ, വ്യക്തികൾ
തുടങ്ങിയവയോടുള്ള ആദരവ്,
പ്രാധാന്യം എന്നിവ സമൂഹത്തെ
ഓർമ്മപ്പെടുത്തുകയെന്നതാണ്
ദിനാചരണങ്ങളിലൂടെ
ലക്ഷ്യമാക്കുന്നത്.
ദിനങ്ങളുടെ പ്രസക്തിയെന്താണെന്നത്
വേണ്ടവിധത്തിൽ തിരിച്ചറിയാനുള്ള
ഒരു സാധ്യത കൂടിയാണത്.

ഏതെല്ലാം ദിനങ്ങളിലാണ് ഓരോന്നും
എന്നതിന്റെ രേഖപ്പെടുത്തലാണ്
ഈ PDF

മുൻകൂട്ടിയുള്ള ഒരു ചിട്ടപ്പെടുത്തലിന്
ഇത് സഹായകരമാവും
എന്നാണ് പ്രതീക്ഷ



# ജൂൺ

1 ലോക ക്ഷീരദിനം

1 ആഗോള രക്ഷാകർതൃ ദിനം

5 ലോക പരിസ്ഥിതി ദിനം

8 സമുദ്ര ദിനം

12 ബാലവേല വിരുദ്ധ ദിനം

14 അന്തർ ദേശീയ രക്തദാന ദിനം

19 വായന ദിനം

20 ലോക അഭയാർത്ഥി ദിനം

പിതൃദിനം ( മൂന്നാമത്തെ ഞായർ )


21 ലോക സംഗീത ദിനം

21 അന്താരാഷ്ട്ര യോഗ ദിനം

26 ലോക ലഹരി വിരുദ്ധ ദിനം

26 ലോക പോളിയോ

വാക്സിനേഷൻ ദിനം












# ജൂലായ്

1 ഡോക്ടേഴ്സ് ദിനം

5 ബഷീർ ദിനം

അന്താരാഷ്ട്ര സഹകരണ ദിനം

(ആദ്യ ശനിയാഴ്ച)

11 ലോക ജനസംഖ്യ ദിനം

12 മലാല ദിനം

16 ദേശീയ സ്കൂൾ സുരക്ഷ ദിനം

21 ചാന്ദ്രദിനം

23 ദേശീയ പ്രക്ഷേപണ ദിനം

26 കാർഗിൽ വിജയദിനം

27 ഡോ: APJ അബ്ദുൽ കലാം

ഓർമ ദിനം

28 ലോക പ്രകൃതി സംരക്ഷണ ദിനം

29 വാൻഗോഗ് ഓർമ ദിനം

30 അന്താരാഷ്ട്ര സൗഹൃദ ദിനം

31 കാർട്ടൂണിസ്റ്റ് ശങ്കർ ഓർമ ദിനം

SURESH KATTILAN...















# ആഗസ്റ്റ്




1 ലോക മുലയൂട്ടൽ ദിനം
6 ഹിരോഷിമ ദിനം
7 ദേശീയ കൈത്തറി ദിനം
7 സംസ്കൃതദിനം
7 ടാഗോർ ഓർമ ദിനം
ലോക സൗഹൃദ ദിനം
(ആദ്യത്തെ ഞായർ )
9 ക്വിറ്റ് ഇന്ത്യ ദിനം
9 നാഗസാക്കി ദിനം
12 ലോക യുവജന ദിനം
13 ലോക അവയവ ദാന ദിനം
15 ഇന്ത്യൻ സ്വാതന്ത്ര്യ ദിനം
17 കർഷക ദിനം
19 മനുഷ്യസ്നേഹ ദിനം
20 ശ്രീനാരായണഗുരു ജയന്തി
20 സദ്ഭാവനാ ദിനം
22 ലോക നാട്ടറിവ് ദിനം
28 അയ്യങ്കാളി ജയന്തി
29 ദേശീയ കായിക ദിനം













# സെപ്തംബർ

2 ലോക നാളികേര ദിനം

5 ദേശീയ അധ്യാപക ദിനം

8 ലോക സാക്ഷരത ദിനം

14 ദേശീയ ഹിന്ദി ദിനം

15 അന്താരാഷ്ട്ര ജനാധിപത്യ ദിനം

16 ഓസോൺ ദിനം

18 അന്താരാഷ്ട്ര മുള ദിനം

21 ശ്രീനാരായണഗുരു സമാധി ദിനം

21 ലോക അൽഷിമേഴ്സ് ദിനം

21 ലോക സമാധാന ദിനം

27 ലോക വിനോദസഞ്ചാരദിനം

28 ലോക വിവരാവകാശ ദിനം

ലോക ഹൃദയ ദിനം

(അവസാനത്തെ ഞായർ )












# ഒക്ടോബർ

1 ലോക വയോജന ദിനം

2 ഗാന്ധിജയന്തി

അന്താരാഷ്ട്ര അഹിംസ ദിനം

4 ലോക ക്ഷേമ ദിനം

5 അന്താരാഷ്ട്ര അധ്യാപക ദിനം

6 ലോക പുഞ്ചിരി ദിനം

8 വ്യോമസേന ദിനം

9 ലോക തപാൽ ദിനം

10 ദേശീയ തപാൽ ദിനം

10 ദേശീയ മാനസികാരോഗ്യദിനം

13 സംസ്ഥാന കായിക ദിനം

ലോക കാഴ്ച ദിനം
(രണ്ടാമത്തെ വ്യാഴാഴ്ച)

15 ലോക വിദ്യാർത്ഥി ദിനം

15 ലോക കൈ കഴുകൽ ദിനം

16 ലോക ഭക്ഷ്യ ദിനം

17 ലോക ദാരിദ്ര്യ നിർമാർജന ദിനം

17 ലോക ആയുർവേദ ദിനം

24 ഐക്യരാഷ്ട്ര ദിനം

30 ദേശീയ സമ്പാദ്യ ദിനം

31 ദേശീയ പുനരർപ്പണ ദിനം















# നവംബർ

1 കേരളപ്പിറവി
7 അർബുദ ബോധവൽക്കരണ ദിനം
7 സ്കൗട്ട്സ് & ഗൈഡ്സ് സ്ഥാപക ദിനം
9 ദേശീയ നിയമ സേവന ദിനം
9 ലോക ഉറുദു ദിനം
10 അന്താരാഷ്ട്ര ശാസ്ത്ര ദിനം
10 ഗതാഗത ദിനം
10 ആഗോള ഇമ്യുണൈസേഷൻ ദിനം
11 ദേശീയ വിദ്യാഭ്യാസ ദിനം
12 ദേശീയ പക്ഷി നിരീക്ഷണ ദിനം
14 ശിശുദിനം
14 ദേശീയ പ്രമേഹ ദിനം
16 ദേശീയ പത്ര ദിനം
19 ദേശീയ പൗരാവകാശ ദിനം
19 ദേശീയോദ്ഗ്രഥന ദിനം
25 ദേശീയ ക്ഷീര ദിനം
26 ദേശീയ നിയമ ദിനം
30 ലോക കമ്പ്യൂട്ടർ സുരക്ഷ ദിനം
30 ദേശീയ എൻ.സി.സി ദിനം
( നാലാമത്തെ ഞായർ )


















# ഡിസംബർ

1 ലോക എയ്ഡ്സ് ദിനം
2 ലോക കമ്പ്യൂട്ടർ സാക്ഷരതാ ദിനം
3 മലിനീകരണ നിയന്ത്രണ ദിനം.
3 ദേശീയ ഭിന്നശേഷി ദിനം
4 ദേശീയ നാവിക ദിനം
5 അന്താരാഷ്ട്ര മണ്ണ് ദിനം
5 ദേശീയ മാതൃസുരക്ഷ ദിനം
10 ലോക മനുഷ്യാവകാശ ദിനം
14 ഊർജ്ജസംരക്ഷണ ദിനം
18 ലോക അറബി ഭാഷ ദിനം
20 അന്താരാഷ്ട്ര മാനവ ഐക്യദാർഢ്യ ദിനം
22 ദേശീയ ഗണിത ദിനം
23 ദേശീയ കർഷക ദിനം
24 ദേശീയ ഉപഭോക്തൃ ദിനം

SURESH KAITHANGAL











# ജനുവരി

9 ദേശീയ പ്രവാസി ദിനം
10 ലോക ഹിന്ദി ദിനം
11 ലോക ചിരി ദിനം
12 സ്വാമി വിവേകാനന്ദ ജയന്തി
15 ഇന്ത്യൻ കരസേന ദിനം
23 നേതാജി ദിനം
23 ദേശീയ കൈയക്ഷരദിനം
24 ദേശീയ ബാലിക ദിനം
25 ദേശീയ വിനോദ സഞ്ചാര ദിനം
26 റിപ്പബ്ലിക് ദിനം
29 ഇന്ത്യൻ പത്ര ദിനം
30 രക്തസാക്ഷി ദിനം












# ഫെബ്രുവരി

2 ലോക തണ്ണീർത്തട ദിനം

4 ലോക അർബുദ ദിനം

7 ഇൻററർനെറ്റ് സുരക്ഷ ദിനം

9 ദേശീയ സെൻസസ് ദിനം

11 സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ദിനം

12 ചാൾസ് ഡാർവിൻ ദിനം

13 ഒ എൻ വി ഓർമ്മ ദിനം

13 ലോക റേഡിയോദിനം

14 വാലന്റയിൻ ദിനം

19 പഞ്ചായത്ത് രാജ് ദിനം

20 ലോക സാമൂഹിക നീതി ദിനം

21 ലോക മാതൃഭാഷ ദിനം

22 ചിന്താ ദിനം

28 ദേശീയ ശാസ്ത്ര ദിനം


SURESH KATTILANGADI


















# മാർച്ച്

3 ലോക വന്യജീവി ദിനം
4 ദേശീയ സുരക്ഷ ദിനം
8 ലോക വനിത ദിനം
8 ലോക വൃക്ക ദിനം
15 ലോക ഉപഭോക്തൃ ദിനം
16 ദേശീയ വാക്സിനേഷൻ ദിനം
20 ലോക സന്തോഷ ദിനം
21 ലോക വന ദിനം
22 ലോക ജലദിനം
23 ലോക കാലാവസ്ഥ ദിനം
24 ലോക ക്ഷയരോഗ ദിനം
27 ലോക നാടക ദിനം






# ഏപ്രിൽ

7 ലോക ആരോഗ്യ ദിനം

12 ലോക വ്യോമയാന ദിനം

13 ജാലിയൻവാലാബാഗ് ദിനം

14 അംബേദ്കർ ജയന്തി

18 ലോക പൈതൃക ദിനം

22 ലോക ഭൗമദിനം

23 ലോക പുസ്തക ദിനം

24 ദേശീയ മാനവ ഏകത ദിനം

24 ദേശീയ പഞ്ചായത്ത് രാജ്ദിനം

25 മലേറിയ ദിനം

29 ലോക നൃത്ത ദിനം

SURESH KATTILANGADI















# മെയ്

1 മെയ് ദിനം

2 ലോക സൗരോർജ ദിനം

3 പത്രസ്വാതന്ത്ര്യ ദിനം

8 ലോക റെഡ് ക്രോസ് ദിനം

10 ലോക ദേശാടന പക്ഷി ദിനം

11 ദേശീയ സാങ്കേതിക വിദ്യാഭ്യാസ ദിനം

12 ലോക ആതുര ശുശ്രൂഷ ദിനം

13 ദേശീയ ഐക്യദാർഢ്യ ദിനം

ലോക മാതൃദിനം (രണ്ടാമത്തെ ഞായർ)

15 ലോക കുടുംബ ദിനം

17 വിദൂര വാർത്താ വിനിമയ ദിനം

22 ലോക ജൈവവൈവിധ്യ ദിനം

24 കോമൺവെൽത്ത് ദിനം

31 ലോക പുകയില വിരുദ്ധ ദിനം













